"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - മലപ്പുറം ജില്ല- കിഴക്കുപറമ്പ് ജി.എൽ.പി സ്‌കൂളിൽ MLAയുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം- കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം- കെ.എം.ബി.ആർ 2019, ചട്ടം 3 (4) (a) യിലെ വ്യവസ്ഥ പ്രകാരം ഇളവനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1509/2023/LSGD തീയതി,തിരുവനന്തപുരം, 24-07-2023

---

പരാമർശം:- ചീഫ് ടൌൺ പ്ലാനറുടെ 06.06.2023ലെ LSGD/PD/33153/2023-TCPA1 നമ്പർ കത്തും, അനുബന്ധരേഖകളും.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കിഴക്കുപറമ്പ് ജി.എൽ.പി സ്‌കൂളിൽ, MLAയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 4 ക്ലാസ് മുറികളുള്ള ഒറ്റ നില കെട്ടിടത്തിന് KPBR 2019 പ്രകാരം സെറ്റ് ബാക്കിൽ ലംഘനമുള്ളതിനാൽ സർക്കാരിൽ നിന്ന് ചട്ടം 3(4) എ പ്രകാരം ഇളവ് ലഭ്യമാക്കുന്നതിനായി ചീഫ് ടൗൺ പ്ലാനർ ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം പ്രകാരം ശുപാർശ ലഭ്യമാക്കിയിരുന്നു.

2. ക്ലാസ് മുറികളുടെ ലഭ്യത കുറവായതിനാൽ രണ്ട് ഡിവിഷനിലെ കുട്ടികൾ ഒരു ഡിവിഷനിലിരുന്നാണ് പഠനം നടത്തുന്നതെന്നും, ആയതിനാൽ ലഭ്യമായ സ്ഥലം പരമാവധി പ്രയോജനപ്പെടുത്തിയാണ് നിർമ്മാണമെന്നും അറിയിച്ച് കൊണ്ട് ഹെഡ്മാസ്റ്റർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് എന്നും, പ്രസ്തുത വിഷയത്തിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ പഞ്ചായത്ത് ഭരണസമിതി 14.03.2023 ലെ 8(1)ാം നമ്പരായി തീരുമാനം എടുത്തിട്ടുള്ളതാണ് എന്നും, പ്രസ്തുത പ്ലോട്ടിന് അക്സസ് ആയി വരുന്ന പഞ്ചായത്ത് റോഡിന് 6 മീ വീതി ലഭ്യമാണ്, ടി സ്ഥലത്ത് അംഗീകൃത മാസ്റ്റർ പ്ലാനോ വിശദ നഗരാസൂത്രണ പദ്ധതികളോ നിലവിലില്ല. [illegible] പുതിയ കെട്ടിടത്തിന്റെയും കൂടി ആകെ വിസ്തീർണ്ണം 67.16 ച.മീറ്ററാണ്, എന്നും, ടി നിർമ്മാണത്തിൽ എഫ്.എ.ആർ, കവറേജ് എന്നിവ പാലിക്കുന്നതായും തുറസായ സ്ഥലത്തിലും കെട്ടിടങ്ങൾ തമ്മിലുള്ള അകലത്തിലും ലംഘനമുള്ളതാണ്, എന്നും, മഴവെള്ള സംഭരണ സംവിധാനം നൽകിയിട്ടില്ല എന്നുമുള്ള ടി കെട്ടിട നിർമ്മാണത്തിൽ വന്നിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതോടൊപ്പം 6 m വീതിയുള്ള പഞ്ചായത്ത് റോഡിൽ നിന്നും ആവശ്യമായ setback ലഭ്യമല്ല അഥവാ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 23 (2) ന്റെ ലംഘനം , നിർമ്മാണം പൂർത്തിയായ ടി കെട്ടിടം (G+stair 258.94sq.m.) നിലവിലുള്ള കെട്ടിടത്തോട് ചേർത്താണ് നിർമ്മിച്ചിരിക്കുന്നത് എന്ന കാരണത്താൽ ചട്ടപ്രകാരം ആവശ്യമായ building to building setback (ചട്ടം 26(5)) ലഭ്യമല്ല. എന്നീ പ്രധാന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം സംഭവിച്ചിട്ടുള്ളതായും, ആയതിനാൽ നിർമ്മാണം പൂർത്തിയ ടി കെട്ടിടം ഒരു നിലയായതിനാലും സർക്കാർ സ്കൂൾ ആയതിനാലും,കെ. പി.ബി.ആർ 2019 ,ചട്ടം 3(4) a യിലെ വ്യവസ്ഥ പ്രകാരം KPBR ചട്ടം 23(2), 26(5) എന്നീ ചട്ടങ്ങളിൽ നിന്നും ഇളവിനായി അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ അഭിപ്രായപ്പെട്ടിരുന്നു.

3. കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ 3(4) a പ്രകാരം സർക്കാരിന് , ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച്, സർക്കാരോ, തദ്ദേശ സ്ഥാപനങ്ങളോ public purpose നായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സംഭവിക്കുന്ന ചട്ടലംഘനങ്ങൾക്ക്, 2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിന്നും, ഇളവനുവദിക്കാവുന്നതാണ്. എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിലെ

കിഴക്കുപറമ്പ് ജി.എൽ.പി സ്കൂളിൽ MLAയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ ഒരു നില കെട്ടിടത്തിന്റെ നിർമ്മാണത്തിൽ വന്നിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടം 23(2), 26(5) എന്നിവയുടെ ലംഘനത്തിന്, ടി കെട്ടിടം സർക്കാർ സ്കൂൾ ആയതിനാലും, ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം പരിഗണിച്ചും, കെ.എം.ബി.ആർ 2019 ,ചട്ടം 3 (4) (a) യിലെ വ്യവസ്ഥ പ്രകാരം ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്.-

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേസസ്വയംഭരണ വകുപ്പ്.
2.ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
3.ഹെഡ്മാസ്റ്റർ, കിഴക്കുപറമ്പ് ജി.എൽ.പി സ്കൂൾ,മലപ്പുറം.
4. സെക്രട്ടറി, ആനക്കയം ഗ്രാമപഞ്ചയത്ത്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
6.കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 24-07-2023 15:33:37